# KERALA PUBLIC SERVICE COMMISSION

## DEPARTMENTAL TESTS SUPPLEMENTARY RESULT

# *JANUARY 2013*

**Conducted from**

**12/06/2013 to 13/06/2013**

**RESULT PUBLISHED ON 26.06.2013**

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

**നമ്പർ: ഡി..ഇ. I (1)12149/2012/ഇ.ഡബ്ല്യു.** തിരുവനന്തപുരം,
തീയതി: 26.06.2013

## <u>വിജ്ഞാപനം</u>

ജനുവരി 2013–ലെ വകുപ്പുതല പരീക്ഷകൾക്ക് കമ്മീഷൻ നടത്തിയ വിവിധ പരീക്ഷകളുടെ ഫലങ്ങൾ 22.05.2013 ൽ പ്രസിദ്ധീകരിച്ചിരുന്നു. 22.05.2013 ലെ വിജ്ഞാപനത്തോടൊപ്പം പ്രസിദ്ധീകരിക്കാതിരുന്ന **Kerala Jail Officers Test – III Paper, Kerala Jail Subordinate Officers Test – II Paper** എന്നീ പരീക്ഷകളുടെ ഫലം ഇതോടൊപ്പം പ്രസിദ്ധപ്പെടുത്തുന്നു.

1. പരീക്ഷാർത്ഥി ഒരു ടെസ്റ്റിന് മുഴുവനായും ജയിച്ചിട്ടുണ്ടോയെന്ന് ആ ടെസ്റ്റിൻെറ എല്ലാ പേപ്പറുകളുടെയും ഫലങ്ങൾ നോക്കി മനസ്സിലാക്കേണ്ടതാണ്. 13.01.71–ലെ ജി.ഒ.എം.എസ്.നമ്പർ 19/71/പി.ഡി. ഗവണ്മെൻറ് ഉത്തരവിൻ പ്രകാരം പരീക്ഷയിൽ ജയിച്ചവരുടെ രജിസ്റ്റർ നമ്പരും പേരും മാത്രമാണ് പ്രസിദ്ധം ചെയ്യുന്നത്.

2. **<u>സർട്ടിഫിക്കറ്റ്</u>**

ഓരോ ടെസ്റ്റിൻെറയും സർട്ടിഫിക്കറ്റിന് 100 (നൂറ്) രൂപ നിരക്കിലാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. ഒരു ടെസ്റ്റിന് ഒന്നിലധികം പേപ്പറുകളുണ്ടെങ്കിലും 100 രൂപ ഫീസ് അടച്ചാൽ മതിയാകുന്നതാണ്. ഈ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റുകൾ ആവശ്യമുള്ള ടെസ്റ്റിൻെറ എണ്ണം കണക്കാക്കി മൊത്തം അപേക്ഷാ ഫീസ് അടയ്ക്കേണ്ടതാണ്. ഒന്നിലധികം പേപ്പറുകളുള്ള ടെസ്റ്റുകൾക്ക് എല്ലാ പേപ്പറുകൾക്കും ജയിച്ചിട്ടുണ്ടെങ്കിൽ മാത്രമെ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ. 2011 ജനുവരി മുതൽ ഓൺ ലൈൻ മുഖേന സർട്ടിഫിക്കറ്റ് ഫീസ് സഹിതം ഡിപ്പാർട്ട്മെൻറൽ ടെസ്റ്റിന് അപേക്ഷിച്ചവർ സർട്ടിഫിക്കറ്റ് ഫീ വീണ്ടും അടയ്ക്കേണ്ടതില്ല. 2011 ജനുവരി ഒന്നിനു മുമ്പ് പരീക്ഷ പാസ്സായ പരീക്ഷാർത്ഥികൾ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ അപേക്ഷയോടൊപ്പം ആ ടെസ്റ്റ് എഴുതുവാൻ കമ്മീഷൻ ആഫീസിൽ നിന്നും അയച്ചിട്ടുള്ള അസ്സൽ അഡ്മിഷൻ ടിക്കറ്റോ ആയത് നഷ്ടപ്പെട്ടിട്ടുള്ള പക്ഷം കമ്മീഷൻെറ ആഫീസിൽ നിന്നും നൽകിയിട്ടുള്ള അഫിഡവിറ്റോ ഹാജരാക്കേണ്ടതാണ്. 2011 ജനുവരി മുതലുള്ള ഡിപ്പാർട്ട്മെൻറൽ പരീക്ഷ എഴുതിയവർ അഡ്മിഷൻ ടിക്കറ്റോ അറ്റൻഡൻസ് സർട്ടിഫിക്കറ്റോ കൈവശമില്ലായെങ്കിൽ പരീക്ഷ പാസ്സായ സർട്ടിഫിക്കറ്റിനു വേണ്ടിയുള്ള അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റിനുള്ള ഫീസ് കൂടാതെ നഷ്ടപ്പെട്ട ഒരു അഡ്മിഷൻ ടിക്കറ്റിന് പകരമായുള്ള അഫിഡവിറ്റിന് 100 രൂപ നിരക്കിൽ **<u>0051 psc 105 State PSC 99 Examination fee</u>** എന്ന ഹെഡ്ഡിൽ അടച്ച ചെലാനും 11–ാം ഖണ്ഡികയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഐഡൻറിറ്റി സർട്ടിഫിക്കറ്റും 12–ാം ഖണ്ഡികയിൽ കാണിച്ചിട്ടുള്ള സത്യപ്രസ്താവനയും ഫോട്ടോ പതിച്ച് ബന്ധപ്പെട്ട ആഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയതു കൂടി ഹാജരാക്കേണ്ടതാണ്. 29.07.1978–ലെ ജി.ഒ.(എം.എസ്) നമ്പർ 3356/78/ജി.എ.ഡി. ഗവണ്മെൻറ് ഉത്തരവിൻ പ്രകാരം 01.04.1977–ന് ശേഷം ഒരു ടെസ്റ്റിൻെറ എല്ലാ പേപ്പറുകളും ജയിച്ചുകഴിഞ്ഞവർക്കു

മാത്രമെ കമ്മീഷൻ സർട്ടിഫിക്കറ്റുകൾ നൽകുകയുള്ളൂ. 01.04.77–ന് മുമ്പ് ടെസ്റ്റ് ഭാഗികമായി പാസ്സാവുകയും എന്നാൽ, 01.04.1977–ന് ശേഷം അതേ ടെസ്റ്റിന് ബാക്കി പേപ്പറുകൾ പസ്സായി ടെസ്റ്റ് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളവർക്ക് കമ്മീഷൻ സർട്ടിഫിക്കറ്റുകൾ നൽകുന്നതല്ല. അങ്ങനെയുള്ളവർ മുൻ നടപടി ക്രമമനുസരിച്ച് റിസൽറ്റ് പ്രസിദ്ധീകരിച്ച ഗസറ്റും അഡ്മിഷൻ ടിക്കറ്റുകളും ബന്ധപ്പെട്ട മേലധികാരികളെ ബോധ്യപ്പെടുത്തി സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. 29.07.1978–ലെ ഗവണ്മെൻറുത്തരവിൻ പ്രകാരം സർട്ടിഫിക്കറ്റിന് അർഹതയുള്ള ഉദ്യോഗസ്ഥന്മാർ പരീക്ഷ ജയിച്ച വിവരം സർവീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. ആയതിന് കമ്മീഷൻ നൽകുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വകുപ്പ് മേലധികാരി മുൻപാകെ ഹാജരാക്കാണ്ടേതാണ്.

3. സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുവാനുള്ള അപേക്ഷാഫാറത്തിൻെറ മാതൃക ഒൻപതാം ഖണ്ഡികയിൽ കൊടുത്തിട്ടുണ്ട്. ഒന്നിലധികം ടെസ്റ്റിന് സർട്ടിഫിക്കറ്റ് ആവശ്യമുള്ളവരും ഒരു അപേക്ഷ മാത്രം അയച്ചാൽ മതിയാകുന്നതാണ്. നിർദ്ദിഷ്ട ഫാറത്തിലല്ലാതെയുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല. **സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ "ജോയിൻെറ് സെക്രട്ടറി, ഡിപ്പാർട്ട്മെൻറൽ ടെസ്റ്റ് വിഭാഗം, കേരള പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം–695 004" എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.**

4. **<u>അറ്റൻഡൻസ് സർട്ടിഫിക്കറ്റ്, മാർക്ക് വിവരങ്ങൾ</u>**

**<u>2005 ജനുവരി ഒന്നുമുതൽ അറ്റൻഡൻസ് സർട്ടിഫിക്കറ്റ് നൽകുന്ന രീതി നിർത്തലാക്കിയിരിക്കുകയാണ്. പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തിയ മൂന്നു മാസത്തിനകം പരീക്ഷയിൽ വിവിധ വിഷയങ്ങൾക്ക് ലഭിച്ചിട്ടുള്ള മാർക്കിൻെറ വിവരങ്ങൾക്ക് അപേക്ഷിക്കേണ്ട താണ്. അത്തരം ഓരോ അപേക്ഷയിലും ഒരു ടെസ്റ്റിൻെറ ഓരോ പേപ്പറിനും 50 രൂപ നിരക്കിലുള്ള അപേക്ഷാഫീസ് ഉണ്ടായിരിക്കണം. മാർക്ക് ലിസ്റ്റിന് അപേക്ഷിക്കുന്നവർ ടെസ്റ്റുകളുടെ പേരും അവരുടെ അഡ്മിഷൻ ടിക്കറ്റ് നമ്പരും അപേക്ഷയിൽ വ്യക്തമായി കാണിച്ചിരിക്കണം. മൂന്നു മാസത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.. സർട്ടിഫിക്കറ്റിനും മാർക്ക് ലിസ്റ്റിനും വെവ്വേറെ അപേക്ഷകൾ സമർപ്പി ക്കേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.</u>**

**5. <u>മാർക്ക് പുന:പരിശോധന</u>**

ഉത്തരക്കടലാസ്സുകൾ പുന:പരിശോധിക്കുവാൻ നിലവിലുള്ള നടപടിക്രമമനുസരിച്ച് അനുവാദമില്ല. എന്നാൽ ഉത്തരക്കടലാസ്സിന് ഒന്നിന് **50 രൂപ** ഫീസ് ഒടുക്കി അപേക്ഷിച്ചാൽ വിവിധ ഉത്തരങ്ങൾക്ക് നൽകിയിട്ടുള്ള മാർക്കുകൾ കൂട്ടി നോക്കി തെറ്റുകൾ ഉണ്ടോയെന്ന് പരിശോധിച്ച് വിവരം അറിയിക്കുന്നതാണ്. <u>അപ്രകാരമുള്ള അപേക്ഷകൾ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്. ഒരു മാസത്തിനു ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.</u>

**6.** മേൽപ്പറഞ്ഞ ഫീസുകൾ സംസ്ഥാനത്തെ ഏതെങ്കിലും ഗവണ്മെൻറ് ട്രഷറിയിൽ **<u>"0051–PSC105–സ്റ്റേറ്റ് പി.എസ്.സി. 99 എക്സാമിനേഷൻ ഫീ"</u>** എന്ന അക്കൗണ്ടിലേയ്ക്ക് അടച്ച് അസ്സൽ രസീത് അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്. അപേക്ഷയോടൊപ്പം അയയ്ക്കുന്ന ഫീസ് യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല.

**7.** പരീക്ഷാഫലം തിരുവനന്തപുരത്ത് പബ്ലിക് സർവീസ് കമ്മീഷൻ ആഫീസിലും കമ്മീഷന്റെ എല്ലാ മേഖലാ/ജില്ലാ ആഫീസുകളിലും കേരള പബ്ലിക് സർവീസ് കമ്മീഷന്റെ **www.keralapsc.gov.in** എന്ന വെബ്സൈറ്റിലും പരിശോധനയ്ക്ക് ലഭിക്കുന്നതാണ്. പരീക്ഷാഫലം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ അത് **സൂക്ഷ്മമായി പരിശോധിക്കേണ്ടതും നമ്പരിലോ പേരിലോ തെറ്റുകൾ ഉണ്ടെങ്കിൽ ഉടൻ തന്നെ വിവരം രേഖാമൂലം ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് വിഭാഗം ജോയിന്റ് സെക്രട്ടറിയുടെ ശ്രദ്ധയിൽകൊണ്ടുവരേണ്ടതുമാണ്. ഈ പകർപ്പിലും തെറ്റ് വന്നിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. അപ്രകാരമുള്ള അപേക്ഷകൾ പരീക്ഷാഫലം പ്രസിദ്ധീകരിച്ച് മൂന്നു മാസത്തിനകം തന്നെ സമർപ്പിക്കേണ്ടതാണ്. തെറ്റുകൾ തിരുത്തി വിജ്ഞാപനം ചെയ്യുന്നതിന് ഇത് വളരെ സഹായകമായിരിക്കും.**

8. വകുപ്പുതല പരീക്ഷ പാസ്സായി രണ്ടു വർഷത്തിനകം സർട്ടിഫിക്കറ്റ് വാങ്ങാത്തവരിൽ നിന്നും "search fee" ആയി ഓരോ വർഷത്തിനും 100/- രൂപാ (നൂറ് രൂപാ) വീതം ഈടാക്കുന്നതായിരിക്കും. (19.12.2011-ലെ 24-ാം നമ്പർ കമ്മീഷൻ തീരുമാനം) സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ ഇതിനുള്ള ഫീസ് **"0051-PSC 105-സ്റ്റേറ്റ് പി.എസ്.സി. 99 എക്സാമിനേഷൻ ഫീ"** എന്ന അക്കൗണ്ട് ഹെഡിൽ ഒടുക്കി ചെലാൻ രസീത് സമർപ്പിക്കേണ്ടതാണ്.

**(ഒപ്പ്)**
**പി.സി. ബിനോയ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ**

വി.ബി.റ്റി.*26.06.13*

**KERALA PUBLIC SERVICE COMMISSION**

Departmental Test - January-2013

**Mark List (Passed Candidates only)**

Examination : 23-Kerala Jail Officers Test
Paper : 93-Practical Test (Close Order Drill ...) - Paper III

| Sl.No. | Reg.No. | Mark |
|---|---|---|
| 1 | 101145 | 173 |
| 2 | 101239 | 180 |

***Sd/-***
***P.C.BINOY***
***SECRETARY***
***KERALA PUBLIC SERVICE COMMISSION***

# KERALA PUBLIC SERVICE COMMISSION

Departmental Test - January-2013

**Mark List (Passed Candidates only)**

Examination : 24-Kerala Jail Subordinate Officers Test

Paper : 94-Practical Test (Close Order Drill ...) - Paper II

| Sl.No. | Reg.No. | Mark |
|---|---|---|
| 1 | 100564 | 173 |
| 2 | 100613 | 171 |
| 3 | 100784 | 170 |
| 4 | 101085 | 172 |
| 5 | 101153 | 173 |
| 6 | 101284 | 170 |
| 7 | 101323 | 172 |
| 8 | 101484 | 167 |
| 9 | 101553 | 169 |
| 10 | 102641 | 167 |
| 11 | 103566 | 171 |
| 12 | 103989 | 176 |
| 13 | 104299 | 166 |
| 14 | 105996 | 176 |
| 15 | 106067 | 171 |
| 16 | 106935 | 176 |
| 17 | 107484 | 184 |
| 18 | 107533 | 180 |
| 19 | 107845 | 178 |
| 20 | 108026 | 177 |
| 21 | 108042 | 178 |
| 22 | 108874 | 176 |
| 23 | 111265 | 174 |
| 24 | 111353 | 177 |
| 25 | 111703 | 173 |
| 26 | 111726 | 170 |
| 27 | 111752 | 175 |
| 28 | 111755 | 179 |
| 29 | 119249 | 172 |
| 30 | 120273 | 179 |
| 31 | 121651 | 181 |
| 32 | 121744 | 174 |
| 33 | 123128 | 175 |

***P.C.BINOY***
***SECRETARY***
***KERALA PUBLIC SERVICE COMMISSION***

*Vbt 26.06.13*